"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - മണ്ണാർക്കാട് നഗരസഭയുടെ ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് സഹകരണ ബാങ്കിൽ നിന്നും വായ്പ എടുക്കുന്നതിന് നഗരസഭയ്ക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

നം.4/2024/LSGD തീയതി,തിരുവനന്തപുരം, 23-01-2024

---

പരാമർശം:-
1. 29.07.2009 -ലെ സ.ഉ (എം.എസ്) നം.147/2009/തസ്വഭവ
2. തദ്ദേശസ്വയംഭരണ വകുപ്പ് (അർബൻ) ഡയറക്ടറുടെ 21.01.2023-ലെ DUA/94/23-DC3 നമ്പർ കത്ത്
3. മണ്ണാർക്കാട് നഗരസഭയുടെ 01.02.2023 ലെ G4(AI)-7590/2019 നമ്പർ സമ്മതപത്രം

**<u>ഉത്തരവ്</u>**

മണ്ണാർക്കാട് നഗരസഭ ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന്റെ ആവശ്യത്തിലേക്ക് മണ്ണാർക്കാട് റൂറൽ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 15 കോടി രൂപ വായ്പ എടുക്കുന്നതിനുള്ള അനുമതിക്കായി ത.സ്വ.ഭ.വ (അർബൻ) ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി. വായ്പാ തിരിച്ചടവിൽ വീഴ്ച വരുത്തുന്ന പക്ഷം ടി തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിനുള്ള ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും സർക്കാർ തലത്തിൽ കുറവ് ചെയ്ത് ബന്ധപ്പെട്ട ബാങ്കിന് നൽകാവുന്നതാണെന്നുള്ള പരാമർശം ( 3 ) പ്രകാരമുള്ള സമ്മതപത്രവും മറ്റു ബന്ധപ്പെട്ട രേഖകളും മണ്ണാർക്കാട് നഗരസഭ തുടർന്ന് ലഭ്യമാക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു തദ്ദേശസ്വയംഭരണ വകുപ്പ്(അർബൻ) ഡയറക്ടറുടെ പരാമർശം ( 2 ) പ്രകാരമുള്ള ശിപാർശയുടെ അടിസ്ഥാനത്തിൽ മണ്ണാർക്കാട് നഗരസഭയ്ക്ക് ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന്റെ ആവശ്യത്തിലേക്ക് 15 കോടി (പതിനഞ്ച് കോടി രൂപ മാത്രം) രൂപ മണ്ണാർക്കാട് റൂറൽ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വായ്പ എടുക്കുന്നതിന് 1963-ലെ കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് പ്രകാരം പരാമർ ശം ( 1 ) സർക്കാർ ഉത്തരവിലെ നിബന്ധനകൾ കർശനമായി പാലിക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ട്, മണ്ണാർക്കാട് നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ ജി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്(അർബൻ), തിരുവനന്തപുരം

സെക്രട്ടറി, മണ്ണാർക്കാട് നഗരസഭ, പാലക്കാട്

സെക്രട്ടറി, മണ്ണാർക്കാട് റൂറൽ സർവ്വീസ് സഹകരണ ബാങ്ക്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്, ഐ &പി.ആർ.ഡി. കരുതൽ ഫയൽ
(ഡിബി1/14/2023/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Reenamma P A
Date: 27-01-2024 17:55:46
സെക്ഷൻ ഓഫീസർ

DB1/14/2023/LSGD